കണക്ഷൻ ലഭിക്കാൻ നടപടി

10 (1677) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒ.വൈസി.യിൽ പണം അടച്ചിട്ടും കണക്ഷൻ നൽകാത്ത എത്ര അപേക്ഷകളാണ് മലപ്പുറം ജില്ലയിലുള്ളത് ;

(ബി) പോസ്റ്റുകൾ വേണ്ടാത്ത അപേക്ഷകൾക്ക് കണക്ഷൻ നൽകുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് വൈദ്യുത കണക്ഷൻ നൽകാത്തതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 4107 എണ്ണം.

(ബി&സി) സാധന സാമഗ്രികളുടെ ലഭ്യതയനുസരിച്ച് കണക്ഷൻ നൽകി വരുന്നു.

മലപ്പുറം ജില്ലയിലെ പയ്യനാട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ തുടങ്ങുന്ന വ്യവസായങ്ങൾക്കുള്ള കണക്ഷൻ

11 (1678) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ പയ്യനാട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ തുടങ്ങുന്ന വ്യവസായങ്ങൾക്കു വേണ്ടി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട് ; ട്രാൻസ്ഫോർമറുകളുടെ ശേഷി എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ നിന്ന് എത്ര വ്യവസായങ്ങൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട് ;

(സി) വ്യവസായവകുപ്പ് ഈ പദ്ധതിക്ക് എന്ത് തുക വൈദ്യുതി ബോർഡിൽ അടച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇനി എത്ര വ്യവസായങ്ങൾക്ക് കൊടുക്കാൻ നിലവിലുള്ള ട്രാൻസ്ഫോർമറുകൾക്ക് കപ്പാസിറ്റിയുണ്ട് ;

(ഇ) ഗ്ലോബൽ ഹവായ് എന്ന സ്ഥാപനത്തിന്റെ ഉടമ ശ്രീ. ടി. ടി. ഉമ്മർ എന്ന ആൾക്ക് കണക്ഷന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് സമർപ്പിച്ചത് എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) സ്ഥാപനത്തിന് കണക്ഷൻ നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് നൽകിയത് ;

LIBRARY ARCHIVES Kerala Legislative Assembly